# Kerala Hotel & Restaurant Association
**STATE COMMITTEE**
II Floor, K.H.R.A. Bhavan, M.G. Road, Kochi - 682 035
Phone : 0484 2366602

സംസ്ഥാനതലവാർത്ത

10-5-2023

## പ്രസ്സ് റിലീസ്

## റസ്റ്റോറന്റ് മേഖലയെ ഉൽപ്പാദന മേഖലയായി പരിഗണിക്കണം - കെ.എച്ച്.ആർ.എ

റസ്റ്റോറന്റ് മേഖലയെ ഉൽപ്പാദന മേഖലയായി പരിഗണിച്ച് എം.എസ്.എം.ഇയിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള ഹോട്ടൽ & റസ്റ്റോറന്റ് അസോസിയേഷൻ ഭാരവാഹികൾ കേന്ദ്ര എം.എസ്.എം.ഇ. മന്ത്രി നാരായണ റാണയുമായി ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. റസ്റ്റോറന്റുകളിലെ അടുക്കളയിൽ വിവിധ ഭക്ഷണ ഉൽപ്പന്നങ്ങളുടെ ഉൽപാദനം നടക്കുന്നതിനാൽ ഹോട്ടൽ മേഖലക്ക് ഉൽപാദനമേഖലയ്ക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുവാൻ അർഹതയുണ്ട്. കൊവിഡാനന്തരം ആത്മനിർഭർ ഭാരത് പദ്ധതിപ്രകാരം എം.എസ്.എം.ഇയിലെ ഉൽപാദനമേഖലയേയും, സേവന മേഖലയേയും ഒന്നായി പരിഗണിക്കുമെന്ന് കേന്ദ്രസർക്കാർ നിയമഭേദഗതി ചെയ്തുവെങ്കിലും ഹോട്ടൽ മേഖലക്ക് യാതൊരു ആനുകൂല്യവും ലഭിക്കുന്നില്ല. ഹോട്ടൽ മേഖലയേയും ഉൽപാദനമേഖലയായി പരിഗണിച്ച് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്ന് ചർച്ചയിൽ ഉന്നയിച്ചതായി അസോസിയേഷൻ ഭാരവാഹികൾ അറിയിച്ചു. സംഘടന ഉന്നയിച്ച ആവശ്യങ്ങൾക്ക് അനുകൂലമായ തീരുമാനമെടുക്കുന്നതാണെന്ന് മന്ത്രി ഉറപ്പ് നൽകിയതായും ഭാരവാഹികൾ അറിയിച്ചു. സംസ്ഥാന പ്രസിഡന്റ് ജി. ജയപാൽ, ജനറൽ സെക്രട്ടറി കെ. പി. ബാലകൃഷ്ണപൊതുവാൾ, ട്രഷറർ എൻ. അബ്ദുൾ റസാഖ്, ബർസാത് വോക്കൽ ഫോർ ലോക്കൽ എന്റർപ്രണേഴ്സ് ഫോറം ചെയർപേഴ്സൺ സി. വി. സജിനി എന്നിവരാണ് കേന്ദ്രമന്ത്രിയുമായി നടത്തിയ ചർച്ചയിൽ പങ്കെടുത്തത്.

**ജി. ജയപാൽ**
പ്രസിഡന്റ്
9544844446

**കെ. പി. ബാലകൃഷ്ണ പൊതുവാൾ**
ജനറൽ സെക്രട്ടറി
9447704934